പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5622 | 27.03.2018-ലെ മറുപടിക്ക്

## ഫെയർ സ്റ്റേജ് അപാകതകൾ

ചോദ്യം | ഉത്തരം

ശ്രീ. പി.കെ.ബഷീർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളുടെ ഫെയർ സ്റ്റേജ് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) | സ്ഥലത്തിന്റെ പ്രാധാന്യം, യാത്രക്കാരുടെ ആവശ്യകത, കോർപ്പറേഷന്റെ വരുമാന സാദ്ധ്യത എന്നിവ കണക്കിലെടുത്താണ് ഫെയർ സ്റ്റേജ് നിശ്ചയിക്കുന്നത്. |
| (ബി) | ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസുകളിൽ സ്റ്റോപ്പുകൾ ഉള്ളതിൻ പ്രകാരം കയറുന്ന ഹ്രസ്വദൂരയാത്രക്കാർ ദൂരയാത്രയ്ക്കുള്ള ചാർജ്ജ് നൽകണമെന്നത് എന്ത് അടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കുമോ; | (ബി) | ഏകീകൃത ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയാണ് ഫെയർ സ്റ്റേജ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ യാത്രക്കാരിൽ നിന്നും ഫെയർ സ്റ്റേജ് അടിസ്ഥാനത്തിൽ മാത്രമേ നിരക്ക് ഈടാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | എങ്കിൽ ഫെയർ സ്റ്റേജ് അപാകതകൾ അടിയന്തരമായി പരിഹരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ;? | (സി) | ഫെയർ സ്റ്റേജ് സംബന്ധമായ പരാതികളിന്മേൽ മേഖലാ അധികാരിയിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ആയത് പരിശോധിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**